(ബി) ലാ കോളേജ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ അനുവദിക്കാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്വാശ്രയ മേഖലയിൽ ലാ കോളേജ് തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 17-1-2004-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 5/2004/ഉവിവ നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദ വിവരം ജില്ലാ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. †

കേരളത്തിൽ ഐ.ഐ.റ്റി. സ്ഥാപിക്കുവാൻ നടപടി

21 [2238] ശ്രീ. തോമസ് ചാഴികാടൻ:
" കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഐ.ഐ.റ്റി. സ്ഥാപിക്കുന്നത് സംബന്ധിച്ച ആവശ്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കേരളത്തിൽ എവിടെയാണ് ഐ.ഐ.റ്റി. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച റിപ്പോർട്ട് മാനവശേഷി മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഡി) കേരളത്തിൽ ഒരു ഐ.ഐ.റ്റി. സ്ഥാപിക്കണമെന്നതു സംബന്ധിച്ച ഒരു "അപ്രോച്ച് പേപ്പർ" ഗവൺമെന്റ് തയ്യാറാക്കുകയും മുൻ പ്രധാനമന്ത്രിക്കും മാനവശേഷി മന്ത്രാലയത്തിനും സമർപ്പിക്കുകയുമുണ്ടായി. മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഇതു സംബന്ധിച്ച് കത്തുകളെഴുതുകയും കേന്ദ്ര മാനവശേഷി വികസനമന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള നിയമസഭ 9-7-2004-ൽ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പുതുതായി ഒരു ഐ.ഐ.റ്റി. തുടങ്ങണമെന്ന ആവശ്യം കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

മാതൃഭാഷാ പഠനം പ്രോൽസാഹിപ്പിക്കാൻ നടപടി

22 [2239] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പരീക്ഷയിൽ മാതൃഭാഷയായ മലയാളം രണ്ടാം ഭാഷയായി എടുക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്രയും മാർക്ക് നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാതൃഭാഷാ പഠനം പ്രോൽസാഹിപ്പിക്കുന്നതിനായി ഈ ന്യൂനതയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഹയർ സെക്കണ്ടറി പരീക്ഷയിൽ മാതൃഭാഷയായ മലയാളം രണ്ടാം ഭാഷയായി എടുക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ഭാഷകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്രയും മാർക്ക് നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്കൂളുകളിൽ കംപ്യൂട്ടർ പഠനത്തിനുള്ള സൗകര്യം

23 [2240] ശ്രീ. തോമസ് ചാഴികാടൻ:
" കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കംപ്യൂട്ടർ പഠനത്തിനുള്ള സൗകര്യം അപര്യാപ്തമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly